# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.04/215/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 17/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ),മലപ്പുറം
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം.04/215/2023 തീയ്യതി: 17/03/2023

# മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 24-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻ വീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 25-01-2023 | 31-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-01-2023 | 31-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സാജിത കെ.ടി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. പ്രതീക്ഷ പി.വി | സെക്രട്ടറി | 01-04-2021 | 28-02-2022 |
| ഷിനു ആനി വർഗ്ഗീസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-03-2022 | 01-03-2022 |
| ശ്രീമതി. താര പി | സെക്രട്ടറി | 02-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മാധവൻ എ | അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2021 | 31-05-2021 |
| ശ്രീ. സന്തോഷ് കുമാർ ബി | അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-06-2021 | 12-10-2021 |
| ശ്രീ. കൃഷ്ണൻ കുട്ടി പി | അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ | 13-10-2021 | 31-03-2022 |
| ശ്രീ. ഷനൂപ് എം.ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. റീബ തങ്കച്ചൻ വി | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. പ്രേമലീല വി.കെ | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. പ്രേമലീല വി.കെ | ശിശു വികസന പദ്ധതി ഓഫീസർ(അഡീഷണൽ)-ഇൻ ചാർജ് | 01-04-2021 | 05-07-2021 |
| ശ്രീ. ജാനെറ്റ് എം സേവ്യർ | ശിശു വികസന പദ്ധതി ഓഫീസർ(അഡീഷണൽ) | 06-07-2021 | 01-11-2021 |
| ശ്രീമതി. ജയശ്രീ. എം മണ്ണിങ്ങൽ | ശിശു വികസന പദ്ധതി ഓഫീസർ(അഡീഷണൽ) | 02-11-2021 | 31-03-2022 |
| ശ്രീ. ബിനു എസ്.പി | പട്ടികജാതി വികസന പദ്ധതി ഓഫീസർ ഗ്രേഡ് II | 01-04-2021 | 18-04-2021 |
| ശ്രീ. അനിൽ കുമാർ സി-(അധിക ചുമതല) | പട്ടികജാതി വികസന പദ്ധതി ഓഫീസർ ഗ്രേഡ് II | 19-04-2021 | 16-11-2021 |
| ശ്രീ. ബിനു എസ്.പി | പട്ടികജാതി വികസന പദ്ധതി ഓഫീസർ ഗ്രേഡ് | 17-11-2021 | 21-02-2022 |

| | | | |
|---|---|---|---|
| | II | | |
| ശ്രീ. രാജേഷ് പി.ആർ | പട്ടികജാതി വികസന പദ്ധതി ഓഫീസർ ഗ്രേഡ് II | 22-02-2022 | 31-03-2022 |
| ശ്രീമതി. ശിഭി കെ.പി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ലത പി | കൃഷി അസി. ഡയറക്ടർ | 01-04-2021 | 31-03-2022 |
| ഡോ. സുബൈർ എ | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതി | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കിലെ അപാകതകൾ | 1-11 |
| 12 | SCDO ഓഫീസ് നവീകരണം പദ്ധതി നിർവ്വഹണം- സ്റ്റോക്ക് , മറ്റ് അപാകതകൾ | 1-12 |
| 13 | വിനിയോഗ സാക്ഷ്യപത്രം, തുകയുടെ കൈപ്പറ്റ് രസീതി മുതലായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-13 |
| 14 | മരുന്നു മുഴുവനും ലഭ്യമാകാത്തതു സംബന്ധിച്ച് | 1-14 |
| 15 | ഇൻകം ടാക്സ് ഈടാക്കിയില്ല | 1-15 |
| 16 | ത്രീ ഫേസ് ലൈൻ വലിക്കൽ -ആവശ്യകത വ്യക്തമാക്കിയിട്ടില്ല. | 1-16 |
| 17 | വയോജനങ്ങൾക്ക് കട്ടിൽ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-17 |
| 18 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്- പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ -രേഖകൾ ലഭ്യമാക്കിയില്ല. | 1-18 |
| 19 | ജി.എസ്.ടി റിട്ടേൺ ഫയലിംഗ് ഏജൻസി മുഖേന നടത്തി | 1-19 |
| 20 | കപാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ ബിൽ അനുവദിച്ചു. അധകത്തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി. | 1-20 |
| 21 | ഇ ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമാക്കിയിട്ടില്ല. നീക്കിയിരിപ്പ് തുക ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല. | 1-21 |
| 22 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് സംബന്ധിച്ച്. | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |

| ഭാഗം 3 | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം. | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1 /19.02.2021 | 3(1) 30.03.2022 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 21.06.2022 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5624566 |
| വരവ് | 80154909 |
| ആകെ | 85779475 |
| ചെലവ് | 70073115 |
| നീക്കിയിരിപ്പ് | 15706360 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 27694572 | 27694572 | 26097946 | 1596626 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 10599000 | 10599000 | 10444062 | 154938 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 11053430 | 11053430 | 6227908 | 4825522 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 13457536 | 13457536 | 2758507 | 10699029 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 8755200 | 8755200 | 7338829 | 1416371 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 105 | 84638280 | 75 | 53049684 | 29 | 1 | 70.09 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമപദ്ധതി

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.01.2023 ന് 03.15 Pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ബ്ളോക്ക് പഞ്ചായത്ത് പുതുതായി ആർജിച്ച ആസ്തികൾ കൂട്ടി ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.
2) പദ്ധതികൾ പ്രകാരം മറ്റു സ്ഥാപനങ്ങൾക്ക് വാങ്ങി നൽകുന്ന സാധനങ്ങൾ അതാത് സ്ഥാപനങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നില്ല.
3) സി.ഡി.പി.ഒ. മെഡിയ്ക്കൽ ഓഫീസർ (സിഎച്ച്സി) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4) അസിസ്റ്റന്റ് എഞ്ചിനീയറുടെ കാഷ് ബുക്കിൽ വൗച്ചറുകൾക്ക് നമ്പർ നൽകിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ സ്വീകരിക്കുന്ന തുകകളുടെ വിവരം കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.05.2022 മുതൽ 05.06.2022 | 2021-22 | 23.06.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.09.2016 | 01.06.13 മുതൽ 31.07.16 വരെ | 12.05.2017 |

## 1-11 വാർഷികകണക്കിലെ അപാകതകൾ

വാർഷികകണക്കുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരം 20840197 രൂപ നീക്കിയിരിപ്പുണ്ട്. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ രേഖപ്പെടുത്തിയ ഇനങ്ങളിലെ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-4 ൽ രേഖപ്പെടുത്തിയ വിവിധ ഫണ്ടുകൾക്ക് പ്രത്യേക എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പുള്ള 12038683 രൂപയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3)പദ്ധതി രൂപീകരണം ,മോണിറ്ററിംഗ് (പ്രൊജക്ട് നം 1/2022) എന്ന പദ്ധതി പ്രകാരം ചെക്ക് നം 1535267/23.2.22 മുഖേന പിൻ വലിച്ച59266രൂപയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

4)സാമ്പത്തിക വർഷത്തെ സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
5)2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ)പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

6)ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-12 SCDO ഓഫീസ് നവീകരണം പദ്ധതി നിർവ്വഹണം- സ്റ്റോക്ക് , മറ്റ് അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി നം. 121/21-22, (അടങ്കൽ: 200000) ഓഫീസ് നവീകരണം പദ്ധതി പ്രകാരം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസിലേക്ക് ആവശ്യമായ ഫർണ്ണിച്ചറുകളും മറ്റ് അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്നതിനായി, SIDCO യുടെ ഇൻവോയ്സ് നം. 175/21-22/31.08.21, കരാർ നം. 55308/05.11.21 എന്നിവയുടെ അടിസ്ഥാനത്തിൽ 200000/- രൂപ ആവശ്യപ്പെട്ടത് പ്രകാരം ബിൽ നം. 34/21-22/27.03.22 പ്രകാരം 1,15,000/- രൂപ(MGNR) SIDCO-ക്ക് അനുവദിച്ചിട്ടുണ്ട്.

SIDCO-യുടെ ഇൻവോയ്സ് പ്രകാരം 85000/- രൂപ ഇലക്ട്രിക്കൽ വർക്കുകൾക്കും 115000/- രൂപ ഫർണ്ണിച്ചർ, കർട്ടൺ എന്നിവ ലഭ്യമാക്കുന്നതിനുമായിട്ടാണ്. അനുവദിച്ച 115000/- രൂപക്ക് ചുവടെ ചേർത്ത ഫർണ്ണിച്ചറുകളും കർട്ടണുകളും ഓഫീസിൽ ലഭ്യമായതായി 30.01.23ന് ഓഡിറ്റ് നേരിട്ട് പരിശോധിച്ചതിൽ നിന്നും വ്യക്തമായി.

| ക്രമ നം | ഇനം | എണ്ണം | ഒരെണ്ണത്തിന്റെ വില |
|---|---|---|---|
| 1 | Table With Glass Top 180x120x75 Cm | 1 | 21400+18%GST |
| 2 | L Shape Table 210x60x75cm | 1 | 23158+18%GST |
| 3 | Almirah 180x90x30cm | 3 | 12000+18%GST |
| 4 | Fiber Chair | 10 | 520+18%GST |
| 5 | Curtains | 3 | 3900+18%GST |

പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഇലക്ട്രിക്കൽ വർക്കുകൾ ജില്ലാതല ഇലക്ട്രിക്കൽ സമിതിയുടെ എസ്റ്റിമേറ്റ് പ്രകാരവും മേൽനോട്ടത്തോടെയുമാണ്

ചെയ്യേണ്ടത് എന്നും PWD ഷെഡ്യൂൾ റേറ്റ് പ്രകാരമാണ് ചെയ്യേണ്ടത് എന്നും പരിശോധിക്കാതെയും കരാറിൽ ഉൾപ്പെടുത്താതെയുമാണ് പദ്ധതി നടപ്പിലാക്കിയത്.

പദ്ധതി പ്രകാരം 85000/- രൂപയുടെ ഇലക്ട്രിക്കൽ വർക്കുകൾ SIDCO ചെയ്തിട്ടുണ്ട്. SIDCO ക്ക് ആയത് ചെയ്യുന്നതിനുള്ള അനുമതിയില്ല. തുക അനുവദിച്ചിട്ടില്ലെങ്കിലും , 03.03.22ലെ 11(5) നം ഭരണ സമിതി തീരുമാന പ്രകാരം, വർക്കുകൾ ചെയ്തത് PWD നിരക്ക് പ്രകാരമാണ് എന്ന സാക്ഷ്യപത്രം SIDCO-യിൽ നിന്നും ലഭ്യമാക്കിയ ശേഷം തുക അനുവദിക്കുന്നതിന് SCDOയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2) സാധനങ്ങളുടെ വാറണ്ടി എത്ര വർഷം എന്നത് കരാറിൽ രേഖപ്പെടുത്തിയിട്ടില്ല.

3) ഓഡിറ്റ് പരിശോധിച്ചതിൽ രണ്ട് അലമാറകളുടെ ലോക്കുകൾ നിലവിൽ തകരാറിലായിരിക്കുകയാണ്.

4) ലഭ്യമായ ഫർണ്ണിച്ചറുകളും മറ്റും സ്റ്റോക്ക് നമ്പറോ പദ്ധതി വിശദാംശങ്ങളോ ചേർത്ത് സ്റ്റോക്കിൽ എടുത്തിട്ടില്ല.

5) ഫർണ്ണിച്ചറുകളിൽ സ്റ്റോക്ക് നമ്പർ , പദ്ധതി വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

6) SIDCOയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന ഫർണിച്ചറുകളും മറ്റുമാണെന്ന് വ്യക്തമാക്കുന്ന ഉത്തരവ് പകർപ്പ് ചേർത്ത് വെച്ചിട്ടില്ല.

പുതിയ ഉപകരണങ്ങൾ ലഭ്യമാവുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് രജിസ്റ്റർ/മൂവബിൾ അസ്സറ്റ് രജിസ്റ്റർ പ്രകാരമുള്ള നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 05/2021-22/30.01.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 വിനിയോഗ സാക്ഷ്യപത്രം, തുകയുടെ കൈപ്പറ്റ് രസീതി മുതലായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

സംയുക്ത പദ്ധതികൾക്കും നിക്ഷേപ പദ്ധതികൾക്കുമായി വിവിധ സ്ഥാപനങ്ങൾക്ക് 6450051 /- രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം. | പ്രോജക്ട് | ACR ബിൽ നം./ ബിൽ റെഫ.നം./ തിയ്യതി | ചെലവ് തുക | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 19/22,പാലിയേറ്റീവ് കെയർ -ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം | 130/8.2.22 | 389998 | പ്ലാൻ-ജനറൽ | പെരുവള്ളൂർ ഗ്രാ.പ |
| | | 136/9.2.22 | 135590 | | വിവരം ലഭ്യമാക്കിയിട്ടില്ല |
| | | 137/9.2.22 | 23790 | | മൂന്നിയൂർ ഗ്രാ.പ |
| | | 164/8.3.22 | 43805 | | മൂന്നിയൂർ ഗ്രാ.പ |
| | | 165/8.3.22 | 60000 | | മൂന്നിയൂർ ഗ്രാ.പ |
| | | 210/23.3.22 | 36350 | | വിവരം ലഭ്യമാക്കിയിട്ടില്ല |
| | | ആകെ | 689533 | | |
| 2 | 27/22,പെരുവള്ളൂർ പഞ്ചായത്ത് ട്രാൻസ്ഫോർമർ കുടുങ്ങിൻമാട് കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 2115066301760 0286335/9.8.21 | 700000 | പ്ലാൻ-ജനറൽ | KSEB,ചേളാരി |
| | | 2115066301760 0495733/8.10.21 | 148577 | | |
| | | 2115066301760 0604091/3.11.21 | 9532 | | |

| | | | | | |
|---|---|---|---|---|---|
| | | ആകെ | 858109 | | |
| 3 | 85/22,തച്ചിലക്കാട് ചേർനിൽപാടം പാലത്തിങ്ങൽകാട് – മാതാപ്പുഴ ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റൻഷൻ | 2115066301760 1301176/11.3.22 | 164911 | CFC | KSEB,ചേളാരി |
| 4 | 25/22,പാഞ്ചീരി വളപ്പ് ട്രാൻസ്ഫോർമറിന് കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 2115066301760 0153112/25..6.21 | 698327 | പ്ലാൻ-ജനറൽ | KSEB, കുന്നംപുറം |
| 5 | 124/22,കുട്ടശ്ശേരിപ്പറമ്പ് റോഡ് റീടാറിംഗ് | 2115066301760 1413149/22.3.22 | 300000 | CFC | മൂന്നിയൂർ ഗ്രാ.പ. |
| 6 | 123/22,അഞ്ചുകള്ളിപെരുംകൊല്ലൻ പുറായ റോഡ്-മൂന്നിയൂർ പഞ്ചായത്തിന് വിഹിതം | 2115066301760 1413134/22.3.22 | 500000 | CFC | മൂന്നിയൂർ ഗ്രാ.പ. |
| 7 | 122/22,തിരുത്തി കിളിപ്പാൻകണ്ടം-കൊട്ടപ്പുഞ്ച റോഡ്-നന്നമ്പ്ര പഞ്ചായത്തിന് വിഹിതം | 2115066301760 1424150/22.3.22 | 500000 | CFC | നന്നമ്പ്ര ഗ്രാ.പ |
| 8 | 146/22,ശങ്കരമാടി പരിച്ചാൽ ഭാഗത്ത് ട്രാൻസ്ഫോർമർ-പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് വാർഡ്-18 | 0046EATPAYREQ100 3202215873/10.3.22 | 764464 | CFC | KSEB,ചേളാരി-590325 രൂപയുടെ UC ലഭിച്ചു. 174139രൂപയുടെ വിനിയോഗ വിവരം ലഭിച്ചിട്ടില്ല. |
| 9 | 144/22 തേഞ്ഞിപ്പാലം ഡിവിഷൻ-തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് 3,13 വാർഡുകളിൽ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ, തേഞ്ഞിപ്പലം ഗ്രാ.പ. | PO046100320221 5874E/10.3.22 | 499848 | CFC | KSEB,ചേളാരി |
| 10 | 127/22 ലക്ഷംവീട് ജങ്ഷൻ കടക്കാട്ട് പാറ(ആലച്ചാട്ട് പടി ) പൈപ്പ് ലൈൻ എക്സ്റ്റൻഷൻ കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് | 2115066301760 0863409/30.12.21 | 310859 | പ്ലാൻ-ജനറൽ | KWA,മലപ്പുറം |
| 11 | 125/22,കുണ്ടൂർ ഡിവിഷനിലെ വിവിധ ഭാഗങ്ങളിൽ ത്രീ ഫേസ് ലൈൻ വലിക്കൽ, സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ-KSEB ഡെപ്പോസിറ്റ് | 2115066301760 1327342/15.3.22 | 464000 | പ്ലാൻ-ജനറൽ | KSEB,വെന്നിയൂർ-ത്രീ ഫേസ് ലൈൻ വലിക്കൽ സംബന്ധിച്ച ആവശ്യകതാ റിപ്പോർട്ട് ഫയലിൽ ഇല്ല. |
| 12 | 98/22,വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ MNREGSമായി സംയോജിച്ച് - അംഗൻവാടി നിർമ്മാണം | 2115066301760 1429598/23.3.22 | 300000 | പ്ലാൻ-ജനറൽ | MNREGS സ്റ്റേറ്റ് മിഷൻ |
| 13 | 100/22, കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, (എസ്.സി.പി) | 2115066301760 0609339/5.11.21 | 400000 | പ്ലാൻ-SCP | KWA,മലപ്പുറം |
| | ആകെ | | 6450051 | | |

പദ്ധതികളുടെ പൂർത്തീകരണ വിവരം/ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം, തുകയുടെ കൈപ്പറ്റ് രസീതി, വിനിയോഗിക്കാത്ത പക്ഷം തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും തിരികെ ഈടാക്കിയ തുകയുടെയും വിശദാംശം (ബാധകമായവ) , ക്രമ നമ്പർ 11ന്റെ ആവശ്യകതാ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.06/31.1.2023) നൽകി.മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 6450051 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-14 മരുന്ന മുഴുവനും ലഭ്യമാകാത്തതു സംബന്ധിച്ച്

പ്രൊജക്റ്റിന്റെപേര്&നം : മരുന്ന വാങ്ങൽ (14/21-22)

അടങ്കൽ : 1500000/-(MG-NR)

ചെലവ് : 1500000/- (ബിൽ നം. 19/2.1.2022)

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ, മേൽ പ്രൊജക്ട പ്രകാരം സാമൂഹ്യാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്നകൾ ലഭ്യമാക്കുന്നതിന് വേണ്ടി കെ എം എസ് സി എല്ലിന് മുൻകൂറായി 1500000/- നൽകിയിട്ടുണ്ട്. എന്നാൽ പ്രഫോർമ ഇൻവോയ്സ് (നം PRF 444428.12.21) പ്രകാരമുള്ള മുഴുവൻ മരുന്നുകളും ഓഡിറ്റ് തീയതി വരെയും കെ എം എസ് സി എല്ലിൽ നിന്നും ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| മരുന്നകൾ ലഭിച്ചതിന്റെ ഇൻവോയ്സ് നം &തീയതി | തുക | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നകളുടെ തുക |
|---|---|---|
| 111947/28.1.22 | 88055 | 349529 |
| 14013/26.2.22 | 27695 | |
| 14666/7.3.22 | 550452 | |
| 15303/23.4.22 | 212706 | |
| 1008/23.4.22 | 13865 | |
| 1009/23.4.22 | 13205 | |
| 582/20.4.22 | 97173 | |
| 4695/20.6.22 | 12026 | |
| 3693/5.6.22 | 135294 | |
| ആകെ | 1150471 | |

അവശേഷിയ്ക്കുന്ന 349529 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 2/30.1.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം പ്രഥമ മറുപടിയിൽ തന്നെ അറിയിക്കേണ്ടതാണ്.

## 1-15 ഇൻകം ടാക്സ് ഈടാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ :MO (C.H.C)

പ്രൊജക്റ്റ് ഡോക്ടറും പാരാമെഡി. സ്റ്റാഫും ഓണറേറിയം C.H.C പെരുവള്ളൂർ 21/2022

അടങ്കൽ 1573010/-

ആകെ ചെലവ് :1572100/-

പെരുവള്ളൂർ എഫ്.എച്ച്.സി യിൽ വരെ ഇവനിങ് ഒ.പി യിൽ ദിവസ വേതനത്തിന് ജോലി ചെയ്തിട്ടുള്ള ഡോക്ടർ മുഹമ്മദ് റിയാസ്, ഡോക്ടർ ഫാത്തിമത്ത് നൗമ.എം എന്നിവർക്ക് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഓണറേറിയം അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം &തീയതി | തുക | ശ്രീ.മുഹമ്മദ് റിയാസിന് നല്കിയ തുക | ശ്രീമതി. ഫാത്തിമത്ത് നൗമയ്ക്ക് നൽകിയ തുക | മാസം |
|---|---|---|---|---|
| 1/26.5.2021 | 161520 | 58800 | 43120 | 3,4/2021 |
| 2/25.6.2021 | 118390 | 49000 | 47040 | 5/2021 |
| 4/5.8.2021 | 158230 | 49000 | 45080 | 6/2021 |
| 7/18.8.2021 | 145890 | 50960 | 45080 | 7/2021 |
| 9/24.9.21 | 150480 | 52170 | 46290 | 8/2021 |
| 10/13.10.21 | 140860 | 49000 | 41160 | 9/2021 |

| | | | | |
|---|---|---|---|---|
| 11/17.11.21 | 128620 | 49000 | 33320 | 10/2021 |
| 17/27.12.21 | 110020 | 49000 | 23520 | 11/2021 |
| 20/20.1.22 | 182490 | 45080 | - | 12/2021 |
| ആകെ | | 452010 | 324610 | |

ഡോക്ടർ മുഹമ്മദ് റിയാസ്, ഡോക്ടർ ഫാത്തിമത്ത് നൗമ.എം എന്നിവർക്ക് മേൽ പറഞ്ഞ പ്രകാരം അനുവദിച്ച തുകയിൽ നിന്നും ആദായ നികുതി ആക്ട്, സെക്ഷൻ 192 പ്രകാരമുള്ള ഇൻകം ടാക്സ് ഈടാക്കി അടവാക്കേണ്ടതായിരുന്ന ആയത് ഈടാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറി നം. 9/30.1.23 ന മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം പ്രഥമമറുപടിയിൽ തന്നെ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-16 ത്രീ ഫേസ് ലൈൻ വലിക്കൽ -ആവശ്യകത വ്യക്തമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

പ്രൊജക്ട് :125/22,കുണ്ടൂർ ഡിവിഷനിലെ വിവിധ ഭാഗങ്ങളിൽ ത്രീ ഫേസ് ലൈൻ വലിക്കൽ, സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ-കെ.എസ്.ഇ.ബി ഡെപ്പോസിറ്റ്

ബിൽ നം: 21150663017601327342/15.3.22 :464000 (പ്ലാൻ- ജനറൽ)

പ്രസ്തുത പദ്ധതി പ്രകാരം ത്രീ ഫേസ് ലൈൻ വലിക്കുന്നത് എന്താവശ്യത്തിനാണെന്ന് പ്രൊജക്ട് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ ഗ്രാമ പഞ്ചായത്തുകളുടെ സമ്മതത്തോടെ നേരിട്ടും സംയുക്ത പദ്ധതിയായും നടത്താവുന്നതാണെങ്കിലും ത്രീ ഫേസ് ലൈൻ വലിക്കുന്നത് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയായി പരിഗണിക്കാനാവില്ല. സ്ട്രീറ്റ്മെയിൻ സ്ഥാപിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെ സമ്മത പത്രം ലഭ്യമാക്കിയതായും ഫയലിൽ കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഏതെങ്കിലും സ്ഥാപനത്തിന് ത്രീഫേസ് വൈദ്യുതി അനിവാര്യമാണെന്നും രേഖകളിൽ നിന്ന് വ്യക്തമല്ല.

ത്രീ ഫേസ് ലൈൻ വലിക്കുന്നത് എന്താവശ്യത്തിനാണെന്ന് വ്യക്തമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 08 /31.1.2023) നൽകി . മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ഖണ്ഡിക 1-13 പ്രകാരം തടസ്സം ചെയ്തിട്ടുണ്ട്. ആവശ്യകതാ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-17 വയോജനങ്ങൾക്ക് കട്ടിൽ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

നിർവ്വഹണം : ശിശുവികസനപദ്ധതി ഓഫീസർ

പ്രൊജക്റ്റിന്റെപേര് : വയോജനങ്ങൾക്ക് കട്ടിൽ- ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ (49/22)

അടങ്കൽ :397440/-

ചെലവ് :397440/- (ബിൽ നം 106/29.12.21)

മേൽ പ്രൊജക്ട് പ്രകാരം, വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകുന്നതിന് വേണ്ടി പ്ലാൻ ഫണ്ടിൽ നിന്നും 397440/-പിൻവലിച്ചിട്ടുണ്ട്.പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭിക്കേണ്ടതാണ്.

1)ടി തുക ഏതെല്ലാം ഗ്രാമ പഞ്ചായത്തുകൾക്കാണ് നല്കിയത്

2)ഗ്രാമ പഞ്ചായത്തുകൾ കൈപറ്റിയ തുകയുടെ വിവരം കാണിക്കുന്ന രശീതി

3)ഗ്രാമ പഞ്ചായത്തുകളുടെ പ്രൊജക്ട് വിവരം

4)ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയതിന്റെ വിവരം

മേൽ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം.7/31.1.23 ന് മറുപടി ലഭ്യമാക്കിയില്ല.രേഖകൾ ലഭ്യമാക്കുന്നതു വരെ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച397440/രൂപ തടസ്സംചെയ്യുന്നു.

## 1-18 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്- പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ -രേഖകൾ ലഭ്യമാക്കിയില്ല.

ശിശുവികസനപദ്ധതി ഓഫീസർ നിർവ്വഹിച്ച താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് തുക നൽകുന്നതിനുവേണ്ടി വിവിധ പഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.ചെലവഴിച്ച തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | വൗച്ചർ നമ്പർ / തിയ്യതി | ചെലവ് തുക (₹) | ഫണ്ടിനം | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് – പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് (150/22) | 182/18.3.2022 | 139924 | ധനകാര്യ കമ്മീഷൻ അവാർഡ് | പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് |
| 2 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് -തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് (149/22) | 197/22.3.2022 | 416000 | ധനകാര്യ കമ്മീഷൻ അവാർഡ് | തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത് |
| 3 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് -മൂന്നിയൂർ ഗ്രാമപഞ്ചായത്ത് (148/22) | 207/23.3.2022 | 382500 | ധനകാര്യ കമ്മീഷൻ അവാർഡ് | മൂന്നിയൂർ ഗ്രാമ പഞ്ചായത്ത് |
| 4 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (147/22)- വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് | 194/19.3.2022 | 228100 | ധനകാര്യ കമ്മീഷൻ അവാർഡ് | വള്ളിക്കുന്ന്ഗ്രാമ പഞ്ചായത്ത് |
| 5 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് -നന്നമ്പ്ര ഗ്രാമപഞ്ചായത്ത് (140/22) | 193/18.3.2022 | 600000 | ധനകാര്യ കമ്മീഷൻ അവാർഡ് | നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് |
| 6 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (50/22) | 64/30.10.21 | 139924 | വികസന ഫണ്ട് (ജനറൽ ) | ലഭ്യമല്ല |
| ആകെ | | | 1906448 | | |

മേൽ പ്രൊജക്ടുകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

1) ക്രമ നം 6 പ്രകാരം പിൻവലിച്ച139924 രൂപ ഏത് പഞ്ചായത്തുകൾക്കാണ് നൽകിയത് എന്നതു സംബന്ധിച്ച വിവരം

2) രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയത്

മേൽ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 3/30.1.23 ന് മറുപടി ലഭ്യമാക്കിയില്ല.രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവഴിച്ച 1906448 രൂപ തടസ്സംചെയ്യുന്നു.

ഭിന്ന ശേഷി സ്കോളർഷിപ്പിന് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനുമാത്രം 6 പ്രോജക്ടുകളാണ് തയ്യാറാക്കിയിരിക്കുന്നത്. ഒരുവർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളെ കുറിച്ച് മുൻ ധാരണ ഇല്ലാതെയാണ് ഓരോ ഗ്രാമപഞ്ചായത്തിനും വേണ്ടി പ്രത്യേകം പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്. കൃത്യമായ ആസൂത്രണത്തോടെ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

## 1-19 ജി.എസ്.ടി റിട്ടേൺ ഫയലിംഗ് ഏജൻസി മുഖേന നടത്തി

നികുതി വകുപ്പിൽ ഓൺലൈനായി ഫയൽ ചെയ്യേണ്ട റിട്ടേണുകൾ ഏജൻസിയെ കൊണ്ട് ചെയ്യിപ്പിക്കുന്നതായി വൗച്ചർ പരിശോധനയിൽ ശ്രദ്ധയിൽ പെട്ടു.

| ക്ര.നം | വൗച്ചർ/ചെക്ക് നം. | തുക | റിമാർക്സ് |
|---|---|---|---|
| 1 | XY-1641168/18.5.21 | 23015 | 2020 JAN മുതൽ 2021 Jan വരെ വിവിധ ക്വാർട്ടർലി റിട്ടേണുകൾ ഫയൽ ചെയ്തതിന് KARVY ചേളാരിക്ക് നൽകിയത് |
| 2 | XY-1535208/22.10.21 | 5500 | July 2021- KARVY ചേളാരി |
| 3 | XY-1535237/ 20.12.21 | 2250 | 2021 Sept-Oct, KARVY ചേളാരി |
| | ആകെ | 30765 | |

ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ സെക്ഷനുകളിലും കമ്പ്യൂട്ടറുകളും നെറ്റ് അവൈലബിലിറ്റിയും ഉള്ളതാണ്. നികുതി വകുപ്പിന്റെ ഓൺലൈൻ സൈറ്റിൽ റിട്ടേൺ പ്രയാസം കൂടാതെ ഫയൽ ചെയ്യാൻ കഴിയുന്നതുമാണ്. ബന്ധപ്പെട്ട സെക്ഷനിൽ ചെയ്യാവുന്ന ജോലിക്ക് പുറം ഏജൻസിക്ക് പ്രതിഫലം നൽകുന്നതും ആയതിന് വേണ്ടിയുള്ള യാത്രക്ക് യാത്രാപടി നൽകേണ്ടി വരുന്നതും അനാവശ്യമായ ചെലവാണെന്ന് കാണുന്നു.

പുറം ഏജൻസിക്ക് പ്രതിഫലം നൽകി റിട്ടേൺ ഫയൽ ചെയ്യിപ്പിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 10 /31.1.2023) നൽകി.മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചെലവിന് ഗവൺമെന്റിൽ നിന്നുള്ള അനുമതി ലഭ്യമാണെങ്കിൽ ആയത് ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 ക്വാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ ബിൽ അനുവദിച്ചു. അധികതുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി.

പ്രൊജക്ട് നം : 34/22 പാണമ്പ്ര കൊയപ്പ വിഷ്ണു ക്ഷേത്രം റോഡ് പുനരുദ്ധാരണം

അടങ്കൽ : 500000 പ്ലാൻ , CFC

ചെലവ് : 448875.00 വൗച്ചർ നം. XVFC/2021-22/P/1 Dt.8.3.2022

TS No : 11777/2021-2022 DsoR 2016 COI 31.06%

കരാർ നം : 07A/AE/LSGD/TDI/2021-22 /27.8.2021 (Item Rate. 393806.71)

കരാറുകാരൻ : ഹഫ്സൽ.ഇ.കെ

എംബുക്ക് നം: 1/2021-22

മേൽ പ്രവൃത്തി ടെണ്ടർ ചെയ്തപ്പോൾ 393806.71 രൂപയാണ് കരാറുകാരൻ ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ബിൽ അനുവദിച്ചപ്പോൾ പ്രവൃത്തി മൂല്യം 393806.71 രൂപയിൽ ലിമിറ്റ് ചെയ്യുന്നതിന് പകരം 400780.99 രൂപയിലാണ് ലിമിറ്റ് ചെയ്തത്. ഇതുമൂലം കരാറുകാരന് ജി.എസ്.ടി ഉൾപ്പെടെ 6974.28x112%=7811.19 രൂപ അധികം നൽകാൻ ഇടയായിരുന്നു. ഈ അപാകത ഓഡിറ്റ് എൻക്വയറി 4/21-22/30.1.2023 പ്രകാരം ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് 7812 രൂപ രസീതി നമ്പർ 122030100055/31.1.2023 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഇ ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമാക്കിയിട്ടില്ല. നീക്കിയിരിപ്പ് തുക ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രൊജക്ടുകളുടെ ബിഡ് സബ്മിഷൻ ഫീ ഇനത്തിൽ കരാറുകാർ അടവാക്കുന്ന തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്ത് വന്നിരുന്നത്. ബ്ലോക്ക് പഞ്ചായത്തിന് 2021-22 വരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ

നിന്നും ലഭ്യമാക്കുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ തിരൂരങ്ങാടിയിൽ ഉള്ള 0000067179065194 നമ്പർ അക്കൗണ്ടിലാണ് ഇ ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്യുവരുന്നത്. പരിശോധനക്ക് ഹാജരാക്കിയ 1.1.2023 മുതൽ 27.1.2023 വരെയുള്ള ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം ഈ അക്കൗണ്ടിൽ 537317.50 രൂപ നീക്കിയിരിപ്പുണ്ട്. 1.1.2023 ന് മുമ്പുള്ള ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ ഏത് തീയ്യതി മുതൽക്കാണ് ടെണ്ടർ ഫീ ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാൻ ആരംഭിച്ചത് എന്നും, നീക്കിയിരിപ്പുള്ള തുക മുഴുവൻ ടെണ്ടർ ഫീ ഇനത്തിലുള്ളതാണോ എന്നും വ്യക്തമല്ല. മാത്രമല്ല ഈ അക്കൗണ്ടിലെ വരവ് ചെലവ് വിവരം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല.

മേൽ അക്കൗണ്ട് പരിശോധിച്ച ശേഷം ടെണ്ടർ ഫീ ഇനത്തിലുള്ള തുക മുഴുവൻ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്. മറ്റ് വകുപ്പുകൾക്ക് നൽകേണ്ട തുകയുണ്ടെങ്കിൽ ആയത് അതത് വകുപ്പുകളിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് സംബന്ധിച്ച്.

ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രൊജക്ടുകളുടെ ബിഡ് സബ്മിഷൻ ഫീ ഇനത്തിൽ കരാറുകാർ അടവാക്കുന്ന തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തു വന്നിരുന്നത്. പിന്നീട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ തിരൂരങ്ങാടിയിൽ ഉള്ള 67234140398 നമ്പർ അക്കൗണ്ടിൽ ചെറിയ ഒരു കാലയളവിൽ ഇ ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിരുന്നതായി ബന്ധപ്പെട്ടവർ അറിയിച്ചു. പരിശോധനക്ക് ഹാജരാക്കിയ 1.1.2023 മുതൽ 31.1.2023 വരെയുള്ള ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം ഈ അക്കൗണ്ടിൽ 50096.5 രൂപ നീക്കിയിരിപ്പുണ്ട്. 1.1.2023 ന് മുമ്പുള്ള ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ ഏത് തീയ്യതി മുതൽ ഏത് തീയ്യതി വരെയാണ് ഇപ്രകാരം തുക ക്രഡിറ്റ് ചെയ്തിരുന്നം എന്നും, നീക്കിയിരിപ്പുള്ള തുക മുഴുവൻ ടെണ്ടർ ഫീ ഇനത്തിലുള്ളതാണോ എന്നും വ്യക്തമല്ല. മാത്രമല്ല ഈ അക്കൗണ്ടിലെ വരവ് ചെലവ് വിവരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല. അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ ഈ അക്കൗണ്ട് ഇനോപ്പറേറ്റീവ് ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ അക്കൗണ്ട് കീപ്പിംഗ് ചാർജ് ഇനത്തിൽ അക്കൗണ്ടിർ നിന്നും തുക ഡെബിറ്റ് ചെയ്തിട്ടുമുണ്ട്.

ഈ സാഹചര്യത്തിൽ, മേൽ അക്കൗണ്ട് പരിശോധിച്ച ശേഷം ടെണ്ടർ ഫീ ഇനത്തിലുള്ള തുക മുഴുവൻ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്. മറ്റ് വകുപ്പുകൾക്ക് നൽകേണ്ട തുകയുണ്ടെങ്കിൽ ആയത് അതത് വകുപ്പുകളിൽ അടവാക്കേണ്ടതുമാണ്. വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 25.01.2023 മുതൽ 31.01.2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം. | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ. എസ്. ഇ. ബി | 25/22, പാഞ്ചീരി വളപ്പ് ട്രാൻസ്ഫോർമർ | 2115066301760 0153112/25.6.21 | 698327 | 698327 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 698327 |
| കെ. എസ്. ഇ. ബി | 27/22,കുടുക്കിൻമാട്.... ട്രാൻസ്ഫോർമർ | 2115066301760 0286335/9.8.21, | 700000 | 700000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 700000 |
| | | 2115066301760 0495733/8.10.21 | 148577 | 148577 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 148577 |
| | | 2115066301760 0604091/3.11.21 | 9532 | 9532 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 9532 |
| | | ആകെ | 858109 | 858109 | | 858109 |
| | 85/22,തച്ചിലക്കാട്..... ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റൻഷൻ | 2115066301760 1301176/11.3.22 | 164911 | 164911 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 164911 |
| | 146/22,ശങ്കരമാടി...ട് രാൻസ്ഫോർമർ.. | 0046EATPAYREQ100 3202215873/10.3.22 | 764464 | 764464 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 764464 |
| | 144/22സ്ട്രീറ്റ്മെയിൻ വലിക്കൽ, തേഞ്ഞിപ്പലം ഗ്രാ.പ. | POO46100320221 5874E/10.3.22 | 499848 | 499848 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 499848 |
| | 125/22,കുണ്ടൂർ ഡിവിഷൻ.... ത്രീ ഫേസ് ലൈൻ വലിക്കൽ, സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 2115066301760 1327342/15.3.22 | 464000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 464000 |
| | 86/22,തച്ചിലക്കാട്..... ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റൻഷൻ | 2115066301760 0055366/25.10.21 | 683000 | 683000 | പൂർത്തീകരിച്ച | 0 |
| KWA,മലപ്പുറം | 100/22, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, | 2115066301760 0609339/5.11.21 | 400000 | 0 | വിനിയോഗ സാക്ഷ്യപത്രം | 400000 |

| | | | | | | |
|---|---|---|---|---|---|---|
| | വള്ളിക്കുന്ന് ഗ്രാ.പ | | | | ലഭ്യമാക്കിയിട്ടില്ല | |
| KWA,മലപ്പുറം | 127/22,കടക്കാട്ട് പാറ ....... പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2115066301760 0863409/30.12.21 | 310859 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 310859 |
| MGNREGS State Mission TVM | 98/22 വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ MGNREGS സുമായി സംയോജിച്ച് അംഗൻവാടി നിർമ്മാണം | 211506630176014 29598/23-03-2022 | 300000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 300000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

ഇല്ല

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3(32) | 2010-11 | | ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയ അഡ്വാൻസുകൾ തിരികെ ഈടാക്കുന്നത്. | നടപടികൾ തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ.

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

എ)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80154909 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70073115 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 8753939 |

ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

സി).ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 2956828 | ശ്രീമതി. പ്രതീക്ഷ.പി.വി |

| | | |
|---|---|---|
| | | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| | 3493223 | ശ്രീമതി. താര.പി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 1-17 | 397440 | ശ്രീമതി.ജയശ്രീ.എം, സി.ഡി.പി.ഒ |
| 1-18 | 1906448 | ശ്രീമതി.ജയശ്രീ.എം, സി.ഡി.പി.ഒ |
| ആകെ | 8753939 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 97-98 | എൽ.എഫ്.എം.04/3202/14 03.10.15 | 7 | |
| 99-00 | കെ.എസ്.എ.എംപി.എം.04/1509/22/ 22.09.22 | 33 | |
| 2003-04 | കെ.എസ്.എ.എംപി.എം.04/3352/16/ 21.02.17 | 1 | |
| 2004-05 | കെ.എസ്.എ.എംപി.എം.04/1638/22/ 22.09.22 | 3 | |
| 2005-06 | കെ.എസ്.എ.എംപി.എം.04/1636/22/ 22.09.22 | 1 | |
| 2006-07 | കെ.എസ്.എ.എംപി.എം.04/1639/22/ 22.09.22 | 3 | |
| 2007-08 | കെ.എസ്.എ.എംപി.എം.04/1593/17/ 22.05.18 | 17 | |
| 08-09-11-12 | കെ.എസ്.എ.എംപി.എം.04/1509/22/ 22.09.22 | 6 | |
| 12-13-13-14 | കെ.എസ്.എ.എംപി.എം.04/2483/14/ 09.09.16 | 6 | |
| 2014-15 | കെ.എസ്.എ.എംപിഎം.4/345/16/8.9.16 | 11 | |
| 2015-16 | കെ.എസ്.എ.എംപിഎം.4/551/17/17.3.17 | 10 | |
| 2016-17 | കെ.എസ്.എ.എംപി.എം.04/1439/22/ 22.09.22 | 6 | |
| 2017-18 | കെ.എസ്.എ.എംപി.എം.04/588/22/ 07.04.22 | 8 | |
| 2018-19 | കെ.എസ്.എ.എംപി.എം.04/590/22/ 07.04.22 | 6 | |
| 2019-20 | നം കെ എസ് എ എം പി എം4/1341/22 /11.10.22 | 13 | |
| 2020-21 | നം കെ എസ് എ എം പി എം4/1342/22 /11.10.22 | 11 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

എം.എ.2/2023

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്